**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1105** **24-02-2022 - ൽ മറുപടിയ്ക്ക്**

**ഹേമ കമ്മീഷൻ റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സിനിമ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകളുടെ ക്ഷേമവുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിനായി നിയമിച്ച ഹേമ കമ്മീഷന്റെ റിപ്പാർട്ട് എന്തുകൊണ്ടാണ് പുറത്തുവിടാത്തതെന്ന് വിശദമാക്കുമോ; പ്രസ്തുത റിപ്പോർട്ട് എപ്പോൾ പുറത്തുവിടുമെന്ന് വ്യക്തമാക്കുമോ; | (എ) | സിനിമാ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി ജസ്റ്റിസ് ഹേമ അദ്ധ്യക്ഷയായ സമിതിയേയാണ് സർക്കാർ നിയോഗിച്ചിട്ടുള്ളത്. സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകൾ, തങ്ങളുടെ സ്വകാര്യ അനുഭവങ്ങൾ / വിവരങ്ങൾ ജസ്റ്റിസ്.കെ.ഹേമ സമിതിയോട് വെളിപ്പെടുത്തിയത് സമിതിയുടെ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചി ട്ടുള്ളതിനാൽ റിപ്പോർട്ട് കോൺഫിഡൻഷ്യലായി സൂക്ഷിക്കണമെന്ന് ജസ്റ്റിസ്.കെ.ഹേമ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. കൂടാതെ വ്യക്തികളുടെ സ്വകാര്യ വിവരങ്ങൾ ഉൾക്കൊള്ളുന്നതിനാൽ റിപ്പോർട്ട് അതേപടി പൊതുരേഖയായി പ്രസിദ്ധീകരിക്കുവാൻ കഴിയില്ലെന്നും 22.10.2020-ലെ 236(1)2020/SIC നടപടി ക്രമം വഴി സംസ്ഥാന വിവരാവകാശ കമ്മീഷൻ ഉത്തരവായിട്ടുണ്ട്. ആയതിനാൽ റിപ്പോർട്ട് അതേപടി പ്രസിദ്ധീകരിക്കാൻ നിർവ്വാഹമില്ല. കമ്മീഷൻ ഓഫ് എൻക്വയറീസിന്റെ പരിധിയിൽ ടി സമിതി വരുന്നില്ല. |
| (ബി) | ഹേമ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി സർക്കാർ ഇതിനോടകം എത്ര തുകയാണ് ചെലവഴിച്ചതെന്ന് വിശദമാക്കുമോ? | (ബി) | ജസ്റ്റിസ്.കെ.ഹേമ സമിതിയുടെ പ്രവർത്തനങ്ങൾക്കായി കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി മുഖേന 1,06,55,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ